പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2542 **28-10-2026-ൽ മറുപടിയ്ക്ക്**

ഇ- ഗ്രാന്റ്സ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിജിൻ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് സമയബന്ധിതമായി ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇ-ഗ്രാന്റ്സ് വിതരണത്തിൽ നിലവിൽ തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം, തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

മറുപടി:

പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വിഭാഗ വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് മുഖേനയുള്ള സ്കോളർഷിപ്പുകൾ നിലവിൽ സമയബന്ധിതമായി വിതരണം ചെയ്തു വരുന്നു. അതാത് അധ്യയന വർഷം വിദ്യാർഥികൾ ഇ-ഗ്രാന്റ്സ് മുഖേന സമർപ്പിക്കുന്ന സ്കോളർഷിപ്പ് അപേക്ഷകളിൽ അപ്രൂവൽ ലഭിക്കുന്നവരുടെ ക്ലെയിമുകൾ ഫണ്ട് ലഭ്യതക്കു വിധേയമായി സമയബന്ധിതമായി വിതരണം ചെയ്തു വരുന്നുണ്ട്. 2026-27 അധ്യയന വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ ഇ-ഗ്രാന്റ്സ് മുഖേന ഓൺലൈനായി സ്വീകരിക്കുന്നതിനായി 2026 സെപ്തംബർ മാസത്തിൽ ഇ-ഗ്രാന്റ്സ് പോർട്ടൽ ഓപ്പൺ ചെയ്തിട്ടുണ്ട്. അപേക്ഷ സമർപ്പണത്തിനുള്ള സമയ പരിധി 2026 ഡിസംബർ 31 വരെയാണ്. നാളിതു വരെ 35990 അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത അപേക്ഷകളുടെ പരിശോധനയും അംഗീകാരവും തുക വിതരണവും വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. 2026-27 സാമ്പത്തിക വർഷം നാളിതു വരെ ആകെ 151.50 കോടി രൂപ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ വികസന വകുപ്പ്

മൻസർക്കാരിന്റെ കാലത്ത് ഇ-ഗ്രാന്റ്സ് കുടിശ്ശികയുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻവർഷങ്ങളിൽ ഇ-ഗ്രാന്റ്സ് സമ്പ്രദായത്തിലുണ്ടായ സാങ്കേതിക തടസ്സങ്ങളും കാലതാമസവും പരിഹരിക്കുന്നതിനായി ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കുന്നതടക്കമുള്ള നടപടികൾ ജില്ലാതല ഓഫീസർമാർ മുഖേന സ്വീകരിച്ചിട്ടുണ്ട്. 2026-2027 സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി SNA Sparsh സംവിധാനം വഴിയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ 5,164 ക്ലെയിമുകൾക്കായി 2.11 കോടി രൂപയും, സംസ്ഥാന സർക്കാരിന്റെ സ്വന്തം പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിലൂടെ 653 ക്ലെയിമുകൾക്കായി 14.3 കോടി രൂപയും വിദ്യാർത്ഥികൾക്ക് മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പടെ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇ-ഗ്രാന്റ്സ് പോർട്ടലിൽ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് യാതൊരു കാലതാമസവുമില്ലാതെ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. നിലവിൽ ഇ-ഗ്രാന്റ്സ് സൈറ്റിൽ 11,20,51,162/- രൂപയുടെ ക്ലെയിമുകൾ പ്രോസസ്സ് ചെയ്തു വരുന്നു.

(ബി) ഇ-ഗ്രാന്റ്സ് തുക വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന്റെ ഘടകങ്ങളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ്മണി എന്നിവ 2026-27 വർഷം മുതൽ വർദ്ധിപ്പിച്ചു കൊണ്ട് 16/05/2026 ലെ സ.ഉ.(പി) നം. 13/2026/SCSTD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പട്ടികജാതി വിദ്യാർഥികളുടെ ഹോസ്റ്റൽ ഫീസ് 2026 മെയ് മാസം മുതൽ വർദ്ധിപ്പിച്ചു കൊണ്ട് 16/05/2026 ലെ സ.ഉ.(പി) നം. 12/2026/SCSTD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. മറ്റു ഘടകങ്ങളായ ഫീസുകൾ, ഫെലോഷിപ്പ് / കണ്ടിജന്റ് ഗ്രാന്റ് എന്നിവ യഥാക്രമം ഓരോ വർഷത്തെയും സർക്കാർ അംഗീകൃത നിരക്കിലും ഓരോ വർഷത്തെയും UGC നിരക്കിന്റെ 75% നിരക്കിലും അനുവദിക്കുന്നു.

2026-27 അദ്ധ്യയന വർഷം മുതൽ പുതുക്കിയ നിരക്കുകൾ ബാധകമാണ്.

സെക്ഷൻ ഓഫീസർ